• നിലപാട്

# മുതലാളിത്തം കയർ പൊട്ടിച്ചാൽ

ടി.വി. അച്ചുതവാരിയർ

**സുപ്രീം കോടതിയുടെ** മലിനീകരണ നിരീക്ഷണസമിതി ആഗസ്റ്റ് ആദ്യവാരത്തിൽ കേരളം സന്ദർശിക്കുകയും തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള തെക്കൻ കേരളത്തിലെ വ്യവസായ ശാലകളുണ്ടാക്കുന്ന മലിനീകരണം പഠിക്കുകയുമുണ്ടായി. മലിനീകരണ നിവാരണത്തിന് ഫാക്ടറികളോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സംസ്ഥാന ഗവർമ്മെണ്ടോ ഒരു നടപടിയുമെടുത്തിട്ടില്ലെന്നുകണ്ട് സമിതി നടുങ്ങിപ്പോയി. മെയ് 31 നകം മലിനീകരണ നിവാരണ നടപടികൾ സ്വീകരിച്ചിരിക്കണമെന്നും, അതു ചെയ്യാത്ത ഫാക്ടറികൾ പൂട്ടണമെന്നുമുള്ള സുപ്രീം കോടതിയുടെ കൽപ്പനയ്ക്ക് ഇവരാരും ഒരു വിലയും കൽപ്പിച്ചിട്ടില്ലെന്നത് സമിതിയെ ക്ഷോഭിപ്പിച്ചു. തുടർന്ന് സമിതി ഒട്ടേറെ നിർദ്ദേശങ്ങൾ നൽകിയ ശേഷമാണ് സംസ്ഥാനം വിട്ടത്. അവയിൽ ചിലത്:

1. മലിനീകരണം സൃഷ്ടിക്കുന്നവർ അതിന്റെ വിലയും നൽകണമെന്ന തത്വമനുസരിച്ച് ഏലൂർ-എടയാർ മേഖലയിലെ വ്യവസായങ്ങൾക്ക് സമിതി രണ്ടരകോടി രൂപ കൂട്ടപ്പിഴ ചുമത്തി. ഈ സംഖ്യ പെരിയാറിന്റെ ആരോഗ്യം വീണ്ടെടുക്കാനായി ചെലവാക്കണം.

2. പെരിയാറിനടുത്തുള്ള 247 വ്യവസായശാലകളുണ്ടാക്കുന്ന മലിനീ കരണം കൃത്യമായി മനസ്സിലാക്കുന്നതിന് ഒരു പ്രാദേശിക പരി സ്ഥിതി കമ്മിറ്റിയെ നിയോഗിക്കണം. കമ്മിറ്റി ആറുമാസത്തിനകം "ഓഡിറ്റ് റിപ്പോർട്ട്" തയ്യാറാക്കണം.

3. മലിനീകരണ നിവാരണം സംബന്ധിച്ച് 2003 ഒക്ടോബറിൽ സുപ്രീം കോടതി പുറപ്പെടുവിച്ച കൽപ്പനയെ സംസ്ഥാന മലിനീകരണ ബോർഡ് പുല്ലുപോലെ അവഗണിച്ചതെന്തുകൊണ്ട് എന്നതിനെപ്പറ്റി ഗവർമ്മെണ്ട് ഒരന്വേഷണം നടത്തണം. ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തണം.

4. മലിനീകരണ സംബന്ധമായ ലൈസൻസെടുക്കാതെ പ്രവർത്തിച്ചുവരുന്ന ഫാക്ടറികൾ പൂട്ടിക്കണം.

ഇതു കഴിഞ്ഞിട്ടിപ്പോൾ മാസം രണ്ടായി. എന്നിട്ടോ? പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. സംസ്ഥാന മലിനീകരണ ബോർഡിന്റെ ധിക്കാരത്തെപ്പറ്റി അന്വേഷണം നടത്തണമെന്നും അതിന്റെ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടുപിടിക്കണമെന്നുമുള്ള നിർദ്ദേശത്തെ ഗവർമ്മെണ്ട് പാടെ അവഗണിച്ചിരിക്കുകയാണ്. ഗവർമ്മെണ്ട് ആദ്യം ചെയ്യേണ്ട കാര്യം ഇതായിരുന്നു. കാരണം, മലിനീകരണ നിയന്ത്രണ ബോർഡ് അതിന്റെ കടമ നിർവ്വഹിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങളൊന്നും തന്നെ ഉത്ഭവിക്കുമായിരുന്നില്ല. അതായത് മലിനീകരണത്തിന്റെ ഉറവിടം തന്നെ മലിനീകരണ നിയന്ത്രണ ബോർഡാണ്. അഴിമതിയുടെ കൂത്തരങ്ങാണ് ഈ ബോർഡെന്ന് അറിയാത്തവരാരും ഈ കേരളത്തിലില്ല. മലിനീകരണം സൃഷ്ടിക്കുന്നവർക്കെല്ലാം സൽസ്വഭാവ സർട്ടിഫിക്കറ്റ് നൽകി അവരെ നിയമത്തിന്റെ പിടിയിൽനിന്ന് രക്ഷിക്കുക എന്നതാണ് ഈ ബോർഡ് ചെയ്തുവരുന്ന ഒരേയൊരു 'സേവനം'. നോട്ടുകെട്ടുകൾ കൈമാറാതെ ഇത്തരമൊരു സേവനം ആർക്കും ലഭിക്കുകയില്ലെന്നത് വ്യക്തമാണല്ലോ.

പെരിയാറിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ചെലവിലേക്കായി രണ്ടര കോടി രൂപയുടെ കൂട്ടപ്പിഴ ചുമത്തണമെന്ന നിർദ്ദേശവും പാടെ അവഗണിക്കപ്പെട്ടിരിക്കുകയാണ്. പെരിയാർ തീരത്തെ കമ്പനികളിൽ നല്ലൊരു ഭാഗം പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഇവയിൽ പലതും അതിഭീകരമായ മലിനീകരണം സൃഷ്ടിക്കുന്നവയുമാണ്. പക്ഷെ ആര് ആർക്കു പിഴയിടും. അതിനൊക്കെ തന്റേടമുണ്ടായിരുന്നുവെങ്കിൽ ഇന്നത്തെ സ്ഥിതി വരുമായിരുന്നില്ലല്ലോ.

നിയമാനുസൃതം ലൈസൻസെടുക്കാത്ത ഫാക്ടറികൾ പൂട്ടിക്കണമെന്ന നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് പെട്ടെന്നുതന്നെ നടപ്പാക്കിയെന്നത് സമ്മതിച്ചേ തീരൂ. പെരിയാർ മേഖലയിലെ 198 ഫാക്ടറികൾക്ക് മലിനീകരണ ബോർഡ് കയ്യോടെത്തന്നെ നോട്ടീസ് നൽകി. പക്ഷെ അതിന്റെ പിന്നിലുള്ള ലാക്ക് മനസ്സിലാക്കുക എളുപ്പമാണ്. ഒരു പ്രദേശത്തെ 200 ഫാക്ടറികൾ ഒന്നിച്ചടച്ചു പൂട്ടിയാൽ എന്തു സംഭവിക്കും? ആയിരക്കണക്കിന് തൊഴിലാളികൾ വഴിയാധാരമാകും എന്നതാണ് പെട്ടെന്നുണ്ടാകുന്ന ഫലം. ജനങ്ങൾ അത് പൊറുക്കില്ലല്ലോ. മലിനീകരണബോർഡ് ഉദ്ദേശിച്ചതുപോലെതന്നെ കാര്യങ്ങൾ സംഭവിച്ചു. സുപ്രീം കോടതിയുടെ മലിനീകരണ നിരീക്ഷണ സമിതിയുടെ നിർദ്ദേശങ്ങളിലൊന്നുപോലും ഗവർമ്മെണ്ട് കാര്യമായിട്ടെടുത്തില്ലെങ്കിലും, ഫാക്ടറികൾ പൂട്ടാനുള്ള നോട്ടീസ് പുറത്തുവന്നതോടെ ഗവർമ്മെണ്ട് തട്ടിക്കുടഞ്ഞെഴുന്നേറ്റു. മലിനീകരണ നിയന്ത്രണത്തിന് ആറുമാസത്തെ ഇടയനുവദിക്കണമെന്നാണ് ഗവർമ്മെണ്ടിപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. ആറുമാസത്തെയല്ല, ആറു കൊല്ലത്തെ ഇട നൽകിയാലും ഗവർമ്മെണ്ട് ഒന്നും ചെയ്യാൻ പോകുന്നില്ലെന്നതാണ് വാസ്തവം. ഓരോരോ കാരണം പറഞ്ഞ് കാലാവധി അനന്തമായി നീട്ടിക്കൊണ്ടുപോകുക എന്ന ലളിതമായ തന്ത്രമാണ് ഇതിന്റെയും പിന്നിലുള്ളത്.

ഇതിൽ ശ്രദ്ധേയമായ കാര്യം മറ്റൊന്നാണ്. ഭീകരന്മാർ അവരുടെ കാര്യസാധ്യത്തിനായി ആളുകളെ ബന്ദികളാക്കി വിലപേശാറുണ്ടല്ലോ. ഈയിടെ റഷ്യയിൽ ഭീകരന്മാർ മുന്നൂറോളം കുട്ടികളെ ബന്ദികളാക്കി വിലപേശി. അതിനടുത്തുതന്നെ ഇറാഖിൽ തീവ്രവാദികൾ മൂന്നു ഇന്ത്യക്കാരടക്കം ഏഴുപേരെ ബന്ദികളാക്കി വിലപേശി. നീലഗിരികാടുകളിൽ വീരപ്പൻ ഒരു സിനിമാതാരത്തെ ബന്ദിയാക്കി കോടികൾ സമ്പാദിച്ചതും നമുക്കറിയാം. അതുപോലെയാണ് കേരള

ത്തിലെ മലിനീകരണ നിയന്ത്രണ ബോർഡ് ആയിരക്കണക്കിന് തൊഴിലാളികളെ ബന്ദികളാക്കിക്കൊണ്ട് സുപ്രീം കോടതിയോട് വിലപേശിക്കൊണ്ടിരിക്കുന്നത്.

മലിനീകരണ ബോർഡിന്റെ കള്ളത്തരം മുഴുവൻ പുറത്തുകൊണ്ടുവരുന്ന ഒന്നാണ് പരിസ്ഥിതി അവലോകനകമ്മിറ്റിയുടെ നിയമനം. പെരിയാർ മേഖലയിലെ മലിനീകരണം കൃത്യമായി കണക്കാക്കുന്നതിന് ഒരു പരിസ്ഥിതി അവലോകന കമ്മിറ്റിയെ നിയോഗിക്കണമെന്ന സുപ്രീം കോടതിയുടെ മലിനീകരണ സമിതി നൽകിയ നിർദ്ദേശം പാലിച്ചുവെന്നു വരുത്താനായി മലിനീകരണ ബോർഡ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒരു പ്രതിനിധിയും വ്യവസായികളുടെ രണ്ടു പ്രതിനിധികളും പരിസ്ഥിതി സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്നവരുടെ രണ്ടു പ്രതിനിധികളും അടങ്ങിയതാകണം ഈ കമ്മിറ്റി എന്ന് പ്രത്യേകം നിർദ്ദേശമുണ്ടായിരുന്നു. അങ്ങനെ മലിനീകരണ നിയന്ത്രണബോർഡിന്റെ റീജിയണൽ ഓഫീസറായ കെ.പി. ജോർജ്ജ് കൺവീനറായി ഒരു കമ്മിറ്റിയാണ് ആദ്യം നിയമിക്കപ്പെട്ടത്. വ്യവസായികളുടെ രണ്ടു പ്രതിനിധികൾക്കു പുറമെ പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ പ്രതിനിധിയായ പുരുഷൻ ഏലൂരും പി.യു.സി.എൽ. പ്രതിനിധിയായ ജേക്കബ് ലാസറുമായിരുന്നു കമ്മിറ്റിയിലുണ്ടായിരുന്ന മറ്റു രണ്ടംഗങ്ങൾ.

ഈ കമ്മിറ്റിയുടെ പ്രവർത്തനമാരംഭിക്കുന്നതിനുമുമ്പുതന്നെ മലിനീകരണ നിയന്ത്രണബോർഡിന്റെ ചെയർമാൻ അതിനെ അട്ടിമറിച്ചു. ഒറ്റനോട്ടത്തിൽ നിർദ്ദോഷമെന്നു തോന്നാവുന്ന ഒരടവാണ് അതിന്നുവേണ്ടി പ്രയോഗിച്ചത്. ആദ്യം നിയമിതമായ കമ്മിറ്റിയിലേക്ക് ട്രേഡ് യൂണിയനുകളുടെ രണ്ടു പ്രതിനിധികളെയും കടുങ്ങല്ലൂർ പഞ്ചായത്തിന്റെ പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും കൂടി നിയോഗിക്കുകയാണുണ്ടായത്.

ശമ്പളത്തിനുവേണ്ടിമാത്രം പണിയെടുക്കുന്ന തൊഴിലാളികൾക്കെന്താണിതിൽ കാര്യം? നാടു നശിച്ചാലും വേണ്ടില്ല, ശമ്പളം വക്കു പൊട്ടാതെ കിട്ടണമെന്ന കാര്യത്തിൽ മാത്രമെ തൊഴിലാളികൾക്കു താൽപ്പര്യമുള്ളൂ. മാവൂരിലെ ജനങ്ങൾ റയോൺസ് ഫാക്ടറിയുണ്ടാക്കുന്ന മലിനീകരണത്തിനെതിരെ സമരം നടത്തിയപ്പോൾ ആ സമരത്തെ എതിർത്തവർ, കൈ നിറയെ ശമ്പളം വാങ്ങുന്ന അവിടത്തെ ജീവനക്കാരായിരുന്നുവെന്ന കാര്യം സ്മരണീയമാണ്. പെരിയാറിലെ മലിനീകരണത്തിനെതിരെ ഇന്നേവരെ ഒരു ട്രേഡ് യൂണിയനും ശബ്ദമുയർത്തിയിട്ടില്ല. നാടാകെ വിഷമയമായാലും ഫാക്ടറി നിലനിൽക്കണമെന്ന് വാശി പിടിക്കുന്ന തൊഴിലാളികളുടെ പ്രതിനിധികളെ മലിനീകരണം തിട്ടപ്പെടുത്താനുള്ള കമ്മിറ്റിയിൽ കയറ്റിവിട്ടാൽ എന്തുണ്ടാകുമെന്ന് പറയേണ്ടതില്ലല്ലോ.

ഇതുതന്നെയാണ് പഞ്ചായത്തിന്റെയും സ്ഥിതി. പഞ്ചായത്തിന്റെ ഏറ്റവും വലിയ വരുമാനമാർഗ്ഗം വിഷം വമിക്കുന്ന ഈ ഫാക്ടറികളാണ്. പഞ്ചായത്തിന്റെ നികുതി വരുമാനം മാത്രമല്ല പ്രശ്നം. ഫാക്ടറികൾക്ക് നിയമവിരുദ്ധമായി പ്രവർത്തനം തുടരണമെങ്കിൽ മലിനീകരണ നിയന്ത്രണബോർഡ് മാത്രം കണ്ണടച്ചാൽ പോരാ, പഞ്ചായത്തും കണ്ണടയ്ക്കണം. കൊക്കക്കോള, പെപ്സി എന്നിവയെ പ്രതിസന്ധിയിൽ ചാടിച്ചത് പഞ്ചായത്തുകളാണല്ലോ. കാണേണ്ടവരെ കാണേണ്ടപോലെ കണ്ടാൽ ഇത്തരം പ്രതിസന്ധികളൊഴിവായി കിട്ടുമെന്ന് മുതലാളിമാർക്കറിയാം. വിഷം വമിക്കുന്ന ഫാക്ടറികൾ നിലനിൽക്കേണ്ടത് പഞ്ചായത്തുകാരുടെ കൂടി ആവശ്യമാണെന്നർത്ഥം. മലിനീകരണാന്വേഷണകമ്മിറ്റിയിലേക്ക് പഞ്ചായത്തിന്റെ ഒന്നല്ല രണ്ടു പ്രതിനിധികളെ നോമിനേറ്റ് ചെയ്തതിന്റെ കാരണവും അതാണ്.

മലിനീകരണാന്വേഷണ കമ്മിറ്റി ഇത്തരത്തിൽ വികസിതമായപ്പോൾ അതൊരു പ്രഹസനമായി മാറി. മലിനീകരണവിരുദ്ധ പക്ഷത്ത് രണ്ടുപേരും മലിനീകരണ പക്ഷത്ത് ഏഴുപേരുമുള്ള ഒരു കമ്മിറ്റി അന്വേഷണം നടത്തിയാൽ എന്താണ് കണ്ടെത്തുക എന്നു പറയേണ്ടതില്ലല്ലോ. അങ്ങനെ സുപ്രീം കോടതിയുടെ കമ്മിറ്റിയുടെ നിർദ്ദേശത്തെ മലിനീകരണ നിയന്ത്രണബോർഡ് ഭംഗിയായി അട്ടിമറിച്ചു.

ഇന്ത്യയിലെ ജനാധിപത്യമെന്നത് വെറുമൊരു കടങ്കഥയായി മാറിക്കൊണ്ടിരിക്കുകയാണിന്ന്. ജനങ്ങൾ ഇടയ്ക്കിടെ പോളിങ്ങ് ബൂത്തിലേക്ക് പോയി വോട്ടു ചെയ്യുന്നുണ്ടെന്നത് ശരിതന്നെ. പക്ഷെ ആരെ ജയിപ്പിച്ചുവിട്ടാലും അവരെ വിലയ്ക്കുവാങ്ങാൻ മുതലാളിമാർക്കു കഴിയുന്നു. പണത്തിന്നുമീതെ പരുന്തും പറക്കില്ലെന്നു പറയുന്നതിന്റെ അർത്ഥം മുതലാളിമാർ മനസ്സിലാക്കിയിട്ടുണ്ട്. ഭോപ്പാലും മാവൂരും പാദ്രെയും പ്ലാച്ചിമടയുമെല്ലാം ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണം അതാണ്. ജനങ്ങൾ നഖശിഖാന്തം എതിർത്തിട്ടും നമ്മുടെ നേതാക്കന്മാർ കരിമണലും എക്സ്പ്രസ്സ് ഹൈവേയുമായി മുന്നോട്ടുപോകുന്നതിന്റെ കാരണവും അതുതന്നെ. മുതലാളിത്തം കയർ പൊട്ടിച്ചോടുമ്പോൾ സുപ്രീം കോടതിപോലും നിസ്സഹായമായിത്തീരുന്നു.

കേരളം ഒരു മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുകയാണ്. ജൈവികമായ മാലിന്യങ്ങൾ പകർച്ച വ്യാധികൾക്കും അനാരോഗ്യത്തിനും കാരണമായിത്തീരുമെന്നേയുള്ളൂ. എന്നാൽ വ്യാവസായികമായ മാലിന്യങ്ങൾ മനുഷ്യരറിയാതെ അവരെ ഇഞ്ചിഞ്ചായി കൊല്ലുന്നു. മാവൂരും പാദ്രെയും ഇതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്. രാസവിഷങ്ങൾ മണ്ണിനെയും ജലത്തെയും അന്തരീക്ഷത്തെയും മലിനമാക്കുന്നു. ഇതു മൂന്നും മലിനമായാൽപ്പിന്നെ മനുഷ്യനെന്നല്ല മറ്റു ജീവജാലങ്ങൾക്കും നിലനിൽപ്പില്ലാതായിത്തീരുന്നു.

മുതലാളിമാരും ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും ചേർന്നുണ്ടാക്കിയിരിക്കുന്ന ഈ രാക്ഷസീയ കൂട്ടുകെട്ടിനെ തകർക്കാൻ ജനങ്ങൾ ബോധപൂർവ്വം രംഗത്തിറങ്ങേണ്ടതുണ്ട്. ഈ ദ്രോഹകരമായ നടപടികൾക്കായി കൈ ഉയർത്തുന്ന ജനപ്രതിനിധികളെ ജനങ്ങൾ തന്നെ ചോദ്യം ചെയ്യേണ്ടതുണ്ട്. ജനങ്ങളുടെ നിസ്സംഗതയാണ് ജനപ്രതിനിധികളെ നിഷിദ്ധമായ കൂട്ടുകെട്ടുകളിലെത്തിക്കുന്നത്.


## കേരളീയം ക്ലാസിഫൈഡ്

**ജീവിത പങ്കാളിയെ തേടുന്നു**

എറണാകുളം ജില്ല, ക്രിസ്ത്യൻ യുവാവ്, 35 വയസ്സ്, 5'10", കെ.എസ്.ഇ.ബി. ജോലി, യുക്തിവാദി, സ്ത്രീധന രഹിത മിശ്രവിവാഹ താൽപര്യം. സമാന ചിന്താഗതിക്കാരായ ഗവ. ജോലിയുള്ള യുവതികൾ, ജാതക ദോഷമുള്ളവർ, ബാധ്യതയില്ലാത്ത വിധവകൾ എന്നിവരിൽ നിന്നും പൂർണ്ണ വിവരങ്ങളും ഫോട്ടോയും അടങ്ങിയ വിവാഹാലോചന ക്ഷണിക്കുന്നു.

*എഴുതുക : കെ.സി.-എം.-2,*

*C/o. കേരളീയം, തൃശൂർ-21*